പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4072 21.10.2016-ലെ മറുപടിക്ക്

## ചാത്തന്നൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോ

| ചോദ്യം<br>ശ്രീ. ജി.എസ്.ജയലാൽ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ചാത്തന്നൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന പ്രാദേശിക ഉൾ നാടൻ സർവ്വീസുകളിൽ എത്രയെണ്ണം മുൻസർക്കാരിന്റെ അവസാന 3 മാസക്കാലയളവിൽ സർവ്വീസ് നിർത്തി എന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ അവസാന മൂന്ന് മാസങ്ങളിൽ ചാത്തന്നൂർ ഡിപ്പോയിൽ നിന്നും 06.45 ഉളിയനാട് എന്ന പ്രദേശിക ഉൾനാടൻ സർവ്വീസ് മാത്രമേ താൽക്കാലികമായി റദ്ദ് ചെയ്തിരുന്നുള്ളൂ. കഴിഞ്ഞ ഒരു വർഷമായി ബസ്സുകളുടെ ലഭ്യതക്കുറവ് മൂലം വരുമാനം കുറഞ്ഞ താഴെ പറയുന്ന പ്രാദേശിക ഉൾനാടൻ സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.<br>1. 06.30 കുറുമണ്ഡൽ<br>2. 07.10 പള്ളിക്കൽ (പാരിപ്പള്ളി, നെട്ടയം വഴി)<br>3. 07.45 പരവൂർ - വർക്കല-തിരുവനന്തപുരം<br>4. 07.40 കൊട്ടിയം (അവസാന ട്രിപ്പ് 20.40 കൊട്ടിയം - പരവൂർ, 21.20 പരവൂർ - ചാത്തന്നൂർ ട്രിപ്പുകൾ)<br>5. 07.20 ഓയൂർ - പുനലൂർ (ഇത്തിക്കര വഴി)<br>6. 07.20 വെളിയം<br>7. 07.15 ആറ്റിങ്ങൽ (16.00 കൊല്ലം - കിളിമാനൂർ, 18.20 കിളിമാനൂർ - കൊല്ലം ട്രിപ്പുകൾ) |
| (ബി) | മുൻ സർക്കാരിന്റെ അവസാന 3 മാസങ്ങളിൽ ടി ഡിപ്പോയിൽ നിന്നും സർവ്വീസ് അവസാനിപ്പിച്ച സ്റ്റേ ബസ്സുകൾ എത്രയെന്നും അവ | (ബി) | മുൻ സർക്കാരിന്റെ അവസാന മൂന്ന് മാസങ്ങളിൽ ചാത്തന്നൂർ ഡിപ്പോയിൽ നിന്നും സ്റ്റേ സർവ്വീസുകൾ ഒന്നും തന്നെ റദ്ദ് ചെയ്തിട്ടില്ല. എന്നാൽ കഴിഞ്ഞ ഒരു |

| | | | |
|---|---|---|---|
| | ഏതെല്ലാമെന്നും വിശദമാക്കുമോ; | | വർഷത്തിലേറെയായി ബസ്സുകളുടെ ലഭ്യത ക്കുറവ് മൂലം വരുമാനം കുറഞ്ഞ ചുവടെ പറയുന്ന സ്റ്റേ സർവ്വീസുകൾ താൽക്കാലിക മായി റദ്ദ് ചെയ്തിട്ടുണ്ട്.<br>1. 13.15 കൊട്ടിയം (ഭൂതക്കുളം സ്റ്റേ)<br>2. 12.45 കൊട്ടിയം (ആറ്റിങ്ങൽ സ്റ്റേ)<br>3. 14.35 കൊടിമൂട്ടിൽ- തിരൂർ (തിരൂർ സ്റ്റേ)<br>4. 12.00 കൊട്ടിയം - പാങ്ങോട് (പാങ്ങോട് സ്റ്റേ) |
| (സി) | ടി ഡിപ്പോയിൽ അനുമതി ലഭിച്ചി ട്ടുള്ള 62 സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുവാൻ എന്തെല്ലാം നടപടി കൾ സ്വീകരിക്കുമെന്ന് വിശദമാ ക്കുമോ? | (സി) | ടി ഡിപ്പോയിൽ 3 ജൻറം സർവ്വീസുകൾ ഉൾപ്പെടെയുള്ള 56 ഷെഡ്യൂളുകളിൽ 45 ആർ.ടി.സി സർവ്വീസുകളും, 3 ജൻറം സർവ്വീ സുകളും കൃത്യമായി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ബസ്സുകളുടെ ലഭ്യതക്കുറവാണ് ബാക്കി ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുവാൻ കഴിയാ തിരിക്കുന്നതിന്റെ കാരണം. പുതിയ ബസ്സു കൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് ഡിപ്പോ യിലെ മുഴുവൻ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ